**ഇഹ്സാൻ**

# മഅ്ദനി, ഹനീഫ്, ദത്ത്
# ഭീകരതയുടെ തകരുന്ന പ്രതീകങ്ങൾ

**അബ്ദുന്നാസിർ** മഅ്ദനി വിട്ടയക്കപ്പെട്ടു. സഞ്ജയ് ദത്തിനെ കോടതി ആറു വർഷത്തേക്ക് തടവിലിട്ടു. ആസ്ത്രേലിയയിൽനിന്ന് ഇന്ത്യക്കാരനായ ഡോ. മുഹമ്മദ് ഹനീഫ് ആരോപണവിമുക്തനായി നാട്ടിൽ മടങ്ങിയെത്തി. പോയ വാരത്തിൽ നടന്ന അതിശയകരമായ സംഭവങ്ങളായിരുന്നു ഇവയെല്ലാം. നീണ്ടകാലത്തെ നരകയാതനക്കു ശേഷമാണ് മഅ്ദനിക്ക് മോചനം ലഭിക്കുന്നത്. വെപ്പുകാല് മാറ്റിവെച്ചു കിട്ടാനുള്ള മഅ്ദനിയുടെ അപേക്ഷയെ തുരങ്കംവെക്കാൻ ദൽഹിയിലും ചെന്നൈയിലും ലക്ഷങ്ങൾ വാരിയെറിഞ്ഞ് ഉപജാപം ചെയ്തവർ അദ്ദേഹത്തിന്റെ വിമോചനത്തിൽ 'ആഹ്ലാദം' കൊള്ളുന്ന പരിഹാസ്യത ബാക്കിയാവുന്നുണ്ട്. ജാമ്യാപേക്ഷയിൽ സ്വന്തം നിലയിൽ വക്കീലിനെ അയച്ചുകൊടുത്ത് മഅ്ദനിയെ 'സഹായിച്ച'വരും ഉള്ള വക്കീലിനെ കൊണ്ടുതന്നെ കേസ് അട്ടമറിച്ചവരും അതിലുണ്ട്. ആരായിരുന്നു ഇതിൽ ഏറ്റവും വലിയ തെറ്റുകാരനെന്ന് ചോദിക്കുന്നതിൽ അർഥമില്ല. കോയമ്പത്തൂർ സ്ഫോടന കേസ് വിചാരണക്കെത്തുമ്പോൾ മാധ്യമങ്ങളിൽ മഅ്ദനിയുടെ പാകിസ്താൻ ബന്ധത്തെ കുറിച്ച് 'കൃത്യമായ' മുന്നറിയിപ്പുകൾ നൽകിക്കൊണ്ടിരുന്നവരാണ് ശരിയായ കുറ്റവാളികൾ. അതിൽ രാഷ്ട്രീയക്കാരും നിയമപാലകരും മാധ്യമ പ്രവർത്തകരുമെല്ലാം ഉണ്ടായിരുന്നു.

മനുഷ്യാവകാശ അഭിഭാഷകയായ നന്ദിതാ ഹക്സർ ഒരിക്കൽ ഇക്കാര്യം ചൂണ്ടിക്കാട്ടി. 'മഅ്ദനിയുടേതെന്നല്ല ഇത്തരത്തിൽപെട്ട ഒരു കേസിലും ഇന്ത്യൻ നീതിപീഠത്തിന്റെ മുമ്പാകെ ശരിയായ വിചാരണ നടക്കാൻ ഇവിടത്തെ വ്യവസ്ഥ ആരെയും അനുവദിക്കില്ല. പ്രത്യേകിച്ചും രഹസ്യാന്വേഷണ വകുപ്പ്. സമൂഹത്തിലും കോടതിയിലും മാധ്യമങ്ങളിലും ഒരേ സമയം പോരാടിയതുകൊണ്ടാണ് സയ്യിദ് അബ്ദുർറഹ്മാൻ ഗീലാനി ജയിൽമോചിതനായത്. കോടതിയിൽ മാത്രമാണ് അദ്ദേഹം കേസ് വാദിച്ചിരുന്നതെങ്കിൽ എന്നോ ഇതിനകം കഴുമരം കയറിയേനെ'. ഒമ്പതരവർഷം നീണ്ട മഅ്ദനിയുടെ ജയിൽവാസത്തിനിടെ ഒരിക്കലും ഇങ്ങനെയൊരു പോരാട്ടം ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കുറിച്ച് സഹതാപമെങ്കിലും ഉണ്ടായിരുന്നത് കേസുമായി ബന്ധമില്ലാത്ത കേരളത്തിലായിരുന്നു. തടവിൽ കഴിഞ്ഞ സംസ്ഥാനത്ത് മഅ്ദനി പൊതുസമൂഹത്തിന്റെ ഒന്നാം നമ്പർ ശത്രുവായാണ് അവതരിപ്പിക്കപ്പെട്ടത്. മേൽക്കോടതികൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ മഅ്ദനിയെ കുറിച്ച സങ്കൽപം വളർത്തിയെടുത്തത് എൻ.ഡി.എ ഭരണകൂടവും അവരുടെ പിണിയാളുകളുമായിരുന്നു. അനന്തവും നിർവികാരവുമായ വിചാരണ തന്നെ വേണ്ടിവന്നു ഒടുവിൽ അദ്ദേഹം നിരപരാധിയാണെന്ന് കണ്ടെത്താൻ.

എന്നാൽ മഅ്ദനിയുടെ കാര്യത്തിൽ സംഭവിച്ചതല്ല സഞ്ജയ് ദത്തിന്റെ കാര്യത്തിൽ നടന്നത്. വിചാരണക്കാലത്തുടനീളം ദത്തിന് കോടതിയുടെ പ്രത്യേക അനുഭാവം ഉണ്ടായിരുന്നു. ടാഡ കേസിന്റെ വകുപ്പുകളിൽനിന്നും ദത്തിനെ സാധാരണ നിയമത്തിന്റെ പരിധിയിലേക്ക് മാറ്റിയതും അദ്ദേഹത്തിന് ഭീകരനാവാൻ കഴിയില്ലെന്ന് കോടതി അഭിപ്രായപ്പെട്ടതും പ്രോസിക്യൂഷൻ അദ്ദേഹത്തെ നല്ല നടപ്പ് ജാമ്യത്തിന് വിടുന്നതിനെ അനുകൂലിച്ചതും ഇന്ത്യയിലെ സാംസ്കാരിക നായകന്മാർ ഒപ്പിട്ട അത്യസാധാരണമായ നിവേദനം കോടതിയുടെ മുമ്പിൽ സമർപ്പിക്കപ്പെട്ടതുമെല്ലാം ദത്തിനെ വിട്ടയച്ചേക്കുമെന്ന പ്രതീക്ഷയാണ് ഉയർത്തിയത്. പക്ഷേ സമൂഹത്തിൽ നീതിവാഴ്ചയെ കുറിച്ച ചിത്രം വികലമാവുകയാണ് ചെയ്യുകയെന്ന് വ്യക്തമായതോടെയാണ് ആഴ്ചകളോളം വിധിപ്രഖ്യാപനം നീട്ടിനീട്ടി കൊണ്ടുപോയി ഒടുവിൽ കോടതി അദ്ദേഹത്തിന് ശിക്ഷ നൽകിയത്. അതേസമയം സഞ്ജയ് ദത്ത് ഭീകരതയുടെ പ്രതീകമായി മാറാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലുകളും കോടതിയും മാധ്യമങ്ങളും എടുത്തിട്ടുമുണ്ട്. ഒരു കുറ്റവാളിയോട് ഇത്രയും കാലം ഇവർ കാണിച്ച ആനുകൂല്യങ്ങളുടെ നൂറിലൊന്ന് നിരപരാധിയായ മഅ്ദനിക്ക് ലഭിച്ചിരുന്നുവെങ്കിൽ സ്വന്തം വല്യുമ്മയുടെ ഖബ്റടക്കച്ചടങ്ങിനെങ്കിലും പങ്കെടുക്കാൻ അദ്ദേഹത്തിന് കഴിയേണ്ടതായിരുന്നില്ലേ?

അതേപോലെയായിരുന്നു മുഹമ്മദ് ഹനീഫിന്റെ കാര്യവും. പ്രധാനമന്ത്രി ഇടപെട്ടത് ഇന്ത്യൻ മുസ്‌ലിംകളോടുള്ള അദ്ദേഹത്തിന്റെ അതിരറ്റ കാരുണ്യാതിരേകത്തിന്റെ ഭാഗമല്ലെന്ന് സംശയിക്കാനാണ് പഴുതുകളുള്ളത്. മുംബൈ ട്രെയിൻ സ്ഫോടനത്തിന്റെ പേരിലും ഗോധ്ര ദുരന്തത്തിന്റെ പേരിലും മാലേഗാവ് സംഭവത്തിന്റെ പേരിലും മറ്റും മറ്റുമായി കള്ളക്കേസെടുത്ത് തടവിലടച്ച സ്വന്തം പൗരന്മാരിൽ ഒരാളുടെയെങ്കിലും കാര്യത്തിൽ പ്രധാനമന്ത്രി ഇടപെട്ടിട്ടുണ്ടോ? ആണവകരാറിന്റെ കാലത്ത് അൽഖാഇദയിൽ ഇന്ത്യക്കാരൻ അംഗമാണെന്ന് വരുന്നതിലെ നയതന്ത്ര പ്രയാസങ്ങളാണ് ഹനീഫിനു വേണ്ടി വാദിക്കാൻ യു.പി.എ സർക്കാറിനെ പ്രേരിപ്പിച്ചിട്ടുണ്ടാവുക. സ്വന്തം രാജ്യത്ത് ഇവർ ഹനീഫിനെ എന്തു ചെയ്യുമെന്ന് കാണാനിരിക്കുന്നതേയുള്ളൂ. ഇന്ത്യക്ക് സ്വന്തം ഭീകരരുണ്ടെന്നല്ലാതെ അമേരിക്ക നേരിടുന്ന 'ഭീകരത' അതേമട്ടിൽ ഇവിടെയുണ്ടെന്ന് സാക്ഷാൽ എൽ.കെ അദ്വാനി പോലും പറഞ്ഞിട്ടില്ല. കടുത്ത ആർ.എസ്.എസ് പക്ഷപാതിയായ സുരക്ഷാ ഉപദേഷ്ടാവ് നാരായണൻ അൽഖാഇദ ഇന്ത്യയിൽ ഇല്ലെന്ന് ഈയിടെ വിശദീകരിച്ചതും ശ്രദ്ധിക്കുക. ഭീകരതയുടെ രാഷ്ട്രീയമാണ് പ്രധാനമായും ഹനീഫിന്റെ കാര്യത്തിൽ അദ്ദേഹത്തിന് സഹായകമായത്. അല്ലാതെ അതിലെ യുക്തിയില്ലായ്മയല്ല.

ജനാധിപത്യവും നീതിവ്യവസ്ഥയും ഇന്ത്യയിൽ നിലനിൽക്കുന്നുണ്ടെന്ന ഈ തിരിച്ചറിവാണ് 'ഭീകരത'ക്കെതിരെയുള്ള 'യുദ്ധ'ത്തിലെ അടുത്ത ശ്രദ്ധാകേന്ദ്രമാവുകയെന്ന് ബുദ്ധിയുള്ളവർ സൂക്ഷിക്കുക. ഭീകരതക്കെതിരെയുള്ള 'പ്രതീകാത്മക സമരങ്ങൾ' തകർന്ന സാഹചര്യത്തിൽ ഇന്ത്യൻ നിയമങ്ങൾ ദുർബലമാണെന്ന ഓർമപ്പെടുത്തലുമായി ഏതു സമയവും അമേരിക്ക ഇടപെട്ടേക്കാം. ■

ehsanrsn@hotmail.com